പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്റ്റ് കമ്മിറ്റി XI

(SUBJECT COMMITTEE XI)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
# (FOOD, CIVIL SUPPLIES AND CO-OPERATION)

# 'സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം' സംബന്ധിച്ച റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239(5)-ാം ചട്ടപ്രകാരമുള്ളത്

(Under Rule 239(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

2021 ജനുവരി 21-ാം തീയതി സമർപ്പിച്ചത്

(Presented on 21st January 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2021

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

# (FOOD, CIVIL SUPPLIES AND CO-OPERATION)

# 'സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം' സംബന്ധിച്ച റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239(5)-ാം ചട്ടപ്രകാരമുള്ളത്

(Under Rule 239(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

192/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| അവതാരിക | - | vii |
| റിപ്പോർട്ട് | - | 1 |
| അനുബന്ധം | - | 9 |

## സബ്ജക്ട് കമ്മിറ്റി XI

## (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

## (2019-2021)

### ഘടന

ചെയർമാൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. പി. തിലോത്തമൻ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അബ്ദുൾ ഹമീദ്. പി.

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. വി. ജോയി

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. മുരളി പെരുനെല്ലി.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രാജേശ്വരി ആർ., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(5) പ്രകാരം സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്ന സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ കൂടുതൽ വ്യാപകവും കാര്യക്ഷമവുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന എല്ലാ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെയും പ്രവർത്തനം, അവ സ്ഥിതി ചെയ്യുന്ന സ്ഥലം, ജീവനക്കാരുടെ എണ്ണം, മരുന്നുകളുടെ വിറ്റുവരവ്, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി വിശദമായ ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ ഉരുത്തിരിഞ്ഞതും സമിതിക്ക് ബോദ്ധ്യമായതുമായ വസ്തുതകളും ഇത് സംബന്ധിച്ച സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2021 ജനുവരി 20.

# റിപ്പോർട്ട്

ആരോഗ്യമുള്ള ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിന് അവബോധമുള്ള ജനതയും ആരോഗ്യമേഖലയിലെ ശരിയായ പ്രവർത്തനങ്ങളും അത്യന്താപേക്ഷിതമാണ്. ആരോഗ്യമുള്ള ജനതയാണ് ഒരു ക്ഷേമരാഷ്ട്രത്തിന്റെ മുഖമുദ്ര. ആരോഗ്യപരിരക്ഷ എന്നത് ഒരു പൗരന്റെ അടിസ്ഥാന അവകാശമാണ്. പൗരന്മാരുടെ ക്ഷേമത്തിൽ താല്പര്യമെടുക്കുന്ന സർക്കാർ അവരുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി വ്യത്യസ്തങ്ങളായ ക്ഷേമനടപടികൾ സ്വീകരിക്കുന്നു. ലോക ജനസംഖ്യയുടെ പകുതിയിലധികം പേരും ചികിത്സാ സേവനങ്ങൾക്കായി ആകെ ചെലവഴിക്കുന്ന തുകയുടെ മുക്കാൽ ഭാഗവും ചെലവിടുന്നത് മരുന്നുകൾക്ക് വേണ്ടിയാണ് എന്ന് പഠന റിപ്പോർട്ടുകൾ പറയുന്നു. താരതമ്യേന മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന കേരളത്തിന്റെ ആരോഗ്യമേഖലയിലും സ്ഥിതി വ്യത്യസ്തമല്ല.

2. അവശ്യസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി കേരളത്തിൽ സർക്കാർ മേഖലയിൽ പ്രവർത്തിച്ചുവരുന്ന കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ), വൻവില നൽകി മരുന്നുകൾ വാങ്ങാൻ കഴിവില്ലാത്തവരെ സഹായിക്കുന്നതിനും മരുന്ന് കമ്പനികളുടെയും സ്വകാര്യ മെഡിക്കൽ സ്റ്റോറുകളുടെയും ചൂഷണത്തിൽ നിന്ന് അവരെ രക്ഷിക്കുന്നതിനും ലക്ഷ്യമിട്ട് 1997 മാർച്ച് മാസത്തിൽ ആദ്യമായി തിരുവനന്തപുരത്ത് 'സപ്ലൈകോ' മെഡിക്കൽ സ്റ്റോർ ആരംഭിച്ചപ്പോൾ കേരളത്തിന്റെ ആരോഗ്യ സേവനരംഗത്ത് അത് ഒരു വലിയ കാൽവെയ്പായിരുന്നു. തുടർന്ന് സപ്ലൈകോ സംസ്ഥാനമൊട്ടാകെ മെഡിക്കൽ റീട്ടെയിൽ ഔട്ട്ലെറ്റുകൾ തുറക്കുകയും ചെയ്തു. സാധാരണക്കാരെ മുന്നിൽക്കണ്ട് 12% മുതൽ 50% വരെ ഡിസ്കൗണ്ട് നിരക്കിൽ മരുന്നുകൾ വില്പന നടത്തിവരുന്ന സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനവും നിലവിലെ സ്ഥിതിയും അനുബന്ധമായ കാര്യങ്ങളും സബ്ജക്ട് കമ്മിറ്റി പഠന വിധേയമാക്കുകയുണ്ടായി.

3. അവശ്യമരുന്നുകളുടെ ലഭ്യത സാധാരണജനങ്ങൾക്ക് ഉറപ്പ് വരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ സപ്ലൈകോ വഹിക്കുന്ന പങ്ക്, നിലവിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തുടങ്ങിയ വിഷയങ്ങൾ 31-10-2017, 28-12-2017, 21-10-2020 തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി ഭക്ഷ്യപൊതുവിതരണ വകുപ്പുദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത യോഗങ്ങളിലെ സമിതിയുടെ നിരീക്ഷണങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

4. 1997 മാർച്ച് മാസത്തിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെയും ജനറൽ മാനേജരുടെയും നിർദ്ദേശങ്ങളനുസരിച്ച് സ്പെഷ്യൽ ബിസിനസ് (മെഡിസിൻ) മാനേജരാണ് ഹെഡ് ഓഫീസ് തലത്തിൽ മെഡിസിൻ ബിസിനസ് ഏകോപിപ്പിക്കുന്നത്. മേഖലാ തലത്തിൽ മേഖലാ മാനേജർമാരും ഡിപ്പോ തലത്തിൽ ഡിപ്പോ മാനേജർമാരും പ്രസ്തുത ചുമതല നിർവ്വഹിക്കുന്നു. കൂടാതെ, എല്ലാ മെഡിക്കൽ സ്റ്റോറുകളും ഒരു ഓഫീസർ-ഇൻ-ചാർജ്ജിന്റെ മേൽനോട്ടത്തിലും പ്രവർത്തിക്കുന്നു. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലേക്ക് ആവശ്യമുള്ള മരുന്നുകൾ മേഖലാടിസ്ഥാനത്തിൽ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ അഞ്ച് സപ്ലൈകോ മേഖലാ ഓഫീസുകൾ കേന്ദ്രീകരിച്ച് ഓരോ മെഡിക്കൽ ഹോൾസെയിൽ ഡിവിഷൻ വീതം പ്രവർത്തിച്ചു വരുന്നുണ്ട്.

5. സംസ്ഥാനത്ത് 106 സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചുവന്നിരുന്നു. എന്നാൽ ലാഭത്തിലല്ലാത്ത സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ അടച്ചുപൂട്ടണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ വിറ്റുവരവ് മിനിമം 3.5 ലക്ഷം രൂപയെങ്കിലും ഉണ്ടാകണമെന്ന അടിസ്ഥാന മാനദണ്ഡം കണക്കാക്കി പരിശോധന നടത്തുകയും ആറുമാസത്തെ സമയം നൽകിയിട്ടും ഒരു ലക്ഷത്തിൽ കൂടുതൽ വിറ്റുവരവ് നടത്താൻ സാധിക്കാത്ത 11 മെഡിക്കൽ സ്റ്റോറുകൾ അടച്ചുപൂട്ടുകയും ചെയ്തു. നിലവിൽ 95 സപ്ലൈകോ മെഡിക്കൽ ഔട്ട് ലെറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നത്. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാകാത്തതിനാൽ 2016 മേയ് മാസത്തിനുശേഷം സംസ്ഥാനത്ത് പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.

6. സംസ്ഥാനത്തെ 95 മെഡിക്കൽ സ്റ്റോറുകളിലായി ആകെ 224 ഫാർമസിസ്റ്റുകളും (അനുബന്ധം), ഓരോ സപ്ലൈകോ മെഡിക്കൽ സ്റ്റോറിലും ഒരു ഓഫീസർ-ഇൻ-ചാർജ്ജും (ഷോപ്പ് മാനേജർ) സേവനം അനുഷ്ഠിച്ച് വരുന്നതായും, അനുവദനീയമായ പോസ്റ്റുകളിലെ വേക്കൻസികളെല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് നിയമന നടപടികൾ നടന്ന് വരുന്നതായും സമിതി മനസ്സിലാക്കുന്നു.

7. സംസ്ഥാനത്ത് ആകെയുള്ള 95 സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ 27 എണ്ണം മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വകുപ്പുദ്യോഗസ്ഥരിൽ നിന്നും മനസ്സിലാക്കിയ സമിതി, ബിസിനസ് സാധ്യതയില്ലാത്ത സ്ഥലത്ത് പല മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നതും മരുന്നുകളുടെ ദൗർലഭ്യവും വിൽപ്പനക്കുറവും ആണ് മെഡിക്കൽ സ്റ്റോറുകൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ കാരണമെന്നും നിലവിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്ന സ്ഥലത്ത് വിൽപ്പന കുറവാണെങ്കിൽ

അനുയോജ്യമായ സ്ഥലത്തേക്ക് അവ മാറ്റി സ്ഥാപിക്കേണ്ടതാണെന്നും മരുന്ന് വിൽപ്പനയിൽ വലിയ ചൂഷണം നടന്നുവരുന്നതിനാൽ ആ മേഖലയിൽ ഇടപെടാൻ കഴിയുന്ന ഏജൻസി എന്ന നിലയിൽ സപ്ലൈകോയെ ലാഭത്തിൽ നടത്തി കൊണ്ടുപോകേണ്ടത് അനിവാര്യമാണെന്നും വിലയിരുത്തി.

8. സപ്ലൈകോയ്ക്ക് താങ്ങാവുന്ന വാടകനിരക്കിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി നിലവിൽ വിൽപ്പന കുറവായ മെഡിക്കൽ സ്റ്റോറുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും തദ്ദേശവാസികൾക്ക് അവശ്യാനുസരണം മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി റീജിയണൽ മാനേജരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം പരിശോധനനടത്തി മരുന്നുകൾ ആളുകൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും സമിതി കണ്ടെത്തുകയുണ്ടായി.

9. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ കൂടുതൽ ലാഭകരവും ജനോപകാരപ്രദവുമാക്കുന്നതിനായി ബി.പി.എൽ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് എം.ആർ.പി.യുടെ 25% ഡിസ്കൗണ്ട് നൽകുന്നുണ്ടെന്നും ഇൻസുലിൻ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട മരുന്നുകൾക്ക് ഡിസ്കൗണ്ട് നൽകുന്ന ബോർഡുകൾ പ്രദർശിപ്പിക്കുന്നുണ്ടെന്നും സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ വിലനിലവാരം ജനങ്ങളിലെത്തിക്കുന്നതിന് പ്രാദേശിക തലത്തിൽ നോട്ടീസുകൾ വിതരണം നടത്തിവരുന്നുവെന്നും കസ്റ്റമേഴ്സിന്റെ വാട്സ് ആപ് ഗ്രൂപ്പ് മുഖേന പൊതുവെ വിൽപ്പനയുള്ള മരുന്നുകളുടെ വിലനിലവാരം കസ്റ്റമേഴ്സിനെ അറിയിക്കുന്നുണ്ടെന്നും ഡോക്ടർമാർക്ക് നൽകുന്നതിന് പ്രിസ്ക്രിപ്ഷൻ പാഡുകൾ എല്ലാ മെഡിക്കൽ സ്റ്റോറുകളിലേക്കും വിതരണം ചെയ്തുവരുന്നുണ്ടെന്നും, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി സഹകരിച്ച് കാരുണ്യ വഴി വിതരണം ചെയ്യുന്ന മരുന്നുകമ്പനികളുടെ ലിസ്റ്റ് ലഭ്യമാക്കി മരുന്നുകൾ സംഭരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും, വില പുനർനിർണ്ണയിക്കുന്നതിനായി ഹെഡ് ഓഫീസ് തലത്തിൽ സെൻട്രലൈസ്ഡ് പർച്ചേസ് സിസ്റ്റം നടപ്പിലാക്കി വരുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

10. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയുടെ യോഗങ്ങളിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഹെഡ്ഓഫീസ് തലത്തിലും മേഖല തിരിച്ചും യോഗങ്ങൾ ചേർന്ന് സപ്ലൈകോയ്ക്ക് ആവശ്യമായ മരുന്നുകൾ സെൻട്രൽ പർച്ചെയ്സ് ചെയ്യുന്നുണ്ടെന്നും മെഡിക്കൽ ഹോൾസെയിൽ ഡിവിഷനുകളിൽ ഉൾപ്പെടുത്താത്ത കമ്പനികളുടെ ലഭ്യമല്ലാത്ത മരുന്നുകളും, പ്രാദേശികമായി മാത്രം ആവശ്യംവരുന്ന മരുന്നുകളും ലോക്കൽ വിതരണക്കാരിൽ നിന്ന് വാങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സമിതി കണ്ടെത്തി.

11. ഡോക്ടറുടെ കുറിപ്പുമായി വരുന്ന ഉപഭോക്താവിന് പ്രാദേശികമായി മരുന്നുകൾ ലഭ്യമാക്കുവാനുള്ള സാഹചര്യം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് വഴി സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലേക്ക് ജനങ്ങൾ പോകേണ്ടിവരുന്ന അവസ്ഥ ഗണ്യമായി കുറയ്ക്കുവാൻ കഴിയുമെന്നും അപ്രകാരം സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സുഗമമാക്കാൻ സാധിക്കുമെന്നും സിവിൽ സപ്ലൈസ് എല്ലാ മേഖലയിലും ചുരുങ്ങിയ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതുപോലെ ഈ മേഖലയിലും ജനങ്ങൾക്ക് പ്രാപ്യമായ രീതിയിൽ സേവനം ലഭ്യമാക്കേണ്ടത് അനിവാര്യമാണെന്നും സമിതി വീക്ഷിക്കുന്നു.

12. ആശുപത്രി കോമ്പൗണ്ടിലോ പരിസരത്തോ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാക്കുവാനുള്ള സാധ്യത പരിശോധിക്കുന്നുണ്ടെന്നും, പ്രാദേശികമായി നിർദ്ദേശിക്കുന്ന മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി മരുന്നുകൾ പ്രാദേശിക വിതരണക്കാരിൽ നിന്ന് ലഭ്യമാക്കുന്നതിനും ആയത് നിരീക്ഷിക്കുന്നതിന് സർക്കാർ തലത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും വകുപ്പുദ്യോഗസ്ഥർ സമിതിയെ ബോധ്യപ്പെടുത്തി.

13. സമീപ ആശുപത്രികളിലെ ഡോക്ടർമാരുമായി നിരന്തരം സമ്പർക്കം പുലർത്തി അവർ പ്രിസ്ക്രൈബ് ചെയ്യുന്ന മരുന്നുകൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കി അതനുസരിച്ച് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ മരുന്ന് ലഭ്യമാക്കിയാൽ ഒരളവ് വരെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകളെ ലാഭത്തിലാക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെടുകയുണ്ടായി.

14. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ വിറ്റഴിയുന്ന മരുന്നുകളും നിലവിൽ ലഭ്യമല്ലാത്ത മരുന്നുകളും കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യാതെയിരിക്കുന്നതും സ്റ്റോക്കെടുക്കാതിരിക്കുന്നതും സ്വകാര്യ മെഡിക്കൽ സ്റ്റോറുകളെ സഹായിക്കുന്നതിനാണ് എന്ന പരാതി ഉയരാൻ കാരണമാകുമെന്ന് അഭിപ്രായപ്പെട്ട സമിതി മെഡിക്കൽ സ്റ്റോറുകളിൽ വളരെവേഗം വിറ്റുവരുന്നതും, ആവശ്യക്കാർ ഏറെയുള്ളതും എന്നാൽ സ്റ്റോക്കെടുത്തിട്ടില്ലാത്തതുമായ മരുന്നുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

15. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ വഴി വളരെ വേഗത്തിൽ വിറ്റ് വരുന്നതും ആവശ്യക്കാർ ഏറെയുള്ളതുമായ മരുന്നുകൾ സ്റ്റോക്കില്ലാത്ത സാഹചര്യങ്ങളിൽ പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്നും, സ്റ്റോക്കെടുക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനായി ഡിപ്പോ തലത്തിലും മേഖലാ തലത്തിലും പരിശോധന നടത്തുന്നുണ്ടെന്നും പരിശോധനയുടെ കൃത്യത ഹെഡ് ഓഫീസ് തലത്തിൽ ഓഡിറ്റ് മാനേജർമാരും വിജിലൻസ് ഓഫീസറും ഉറപ്പ് വരുത്തുന്നുണ്ടെന്നും കാലാവധി തീരുന്ന മരുന്നുകൾ 6 മാസം മുൻപ് ഷെൽഫ് ലൈഫ് അനുസരിച്ച് പർച്ചേസ് റിട്ടേണായി കമ്പനിക്ക് തിരികെ നൽകിവരുന്നുണ്ടെന്നും വകുപ്പ് ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.

16. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരാളം വിമർശനങ്ങൾ നിലനിൽക്കുന്നുണ്ടെന്നും അത്യാവശ്യഘട്ടത്തിൽ മരുന്ന് കിട്ടാത്ത അവസ്ഥയും, ലാഭകരമായി പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിൽ മികവ് പുലർത്താത്തതും ധാരാളം വിമർശനങ്ങൾക്ക് കാരണമാകുന്നുവെന്ന് മനസ്സിലാക്കിയ സമിതി സാമാന്യജനങ്ങൾക്ക് അവശ്യമരുന്നുകൾ അതിവേഗം ലഭ്യമാക്കുന്ന ഒരു ഏജൻസി എന്ന നിലയിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ മികവുറ്റതായി മാറേണ്ടത് അത്യന്താപേക്ഷിതമാണെന്നും വിമർശനങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ മാറ്റങ്ങൾ വരുത്തണമെന്നും നിലവിലുള്ള ഔട്ട്ലെറ്റുകൾ നിലനിർത്തി കൊണ്ടുതന്നെ പ്രവർത്തിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടു.

<u>സമിതിയുടെ ശിപാർശകൾ</u>

1. മെഡിക്കൽ സ്റ്റോറുകളുടെ വാർഷിക വിറ്റുവരവും ജീവനക്കാരുടെ എണ്ണവും തമ്മിൽ വലിയ അന്തരമാണ് കാണുന്നതെന്നും, മൂന്നര ലക്ഷം രൂപവരെ മാസ വരുമാനമുണ്ടെങ്കിൽ മാത്രമേ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളൂവെന്നും മനസ്സിലാക്കിയ സമിതി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കൂടുതൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടെങ്കിൽ അവരെ പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ശാസ്ത്രീയമായ പഠനം നടത്തി സ്റ്റോറുകളെ ലാഭകരമാക്കുന്നതിനും അതോടൊപ്പം സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ നിർത്തലാക്കുന്നതിനെ സംബന്ധിച്ചും ആലോചിച്ച് നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

2. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ നിലവിൽ വേക്കൻസി റിപ്പോർട്ട് ചെയ്ത തസ്തികകളിൽ അടിയന്തരമായി ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. നിലവിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്ന സ്ഥലത്ത് വിൽപ്പന സാധ്യത കുറവാണെങ്കിൽ ഗവൺമെന്റ് അധീനതയിലുള്ളതോ ആശുപത്രി പരിസരത്തുള്ളതോ, സ്വകാര്യ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ആയ കെട്ടിടം ദീർഘകാലത്തേക്ക് ലഭ്യമാണെങ്കിൽ അത് പരിശോധിച്ച് സ്റ്റോർ കൂടുതൽ അനുയോജ്യമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സ്ഥലസൗകര്യമുള്ള ആശുപത്രികളിൽ കോമ്പൗണ്ടിനുള്ളിൽ തന്നെ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത വകുപ്പ് തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ നിലവിലില്ലാത്ത താലൂക്കുകൾക്ക് മുൻതൂക്കം നൽകിയും സാമൂഹികമായും സാമ്പത്തികമായും ഗുണപ്രദമാണോയെന്ന് സാധ്യതാപഠനം നടത്തിയും അനുയോജ്യമായ സ്ഥലം കണ്ടെത്തി സ്ഥലം എം.എൽ.എ.മാരുടെ സഹായ സഹകരണത്തോടുകൂടി സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ വിതരണം ചെയ്യുന്നതിനായി ഏറ്റവും നല്ല കമ്പനിയിൽ നിന്ന് ഗുണമേന്മയുള്ള മരുന്നു വാങ്ങാനും ജനങ്ങൾക്കാവശ്യമായ മരുന്നുകളേതൊക്കെയാണെന്ന് പരിശോധിക്കുവാനും തയ്യാറായാൽ വില കുറച്ച് മരുന്നുകൾ കമ്പനിയിൽ നിന്ന് ലഭ്യമാക്കി ലാഭകരമായി സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകാൻ കഴിയുമെന്നും അത്തരത്തിൽ സംസ്ഥാന തലത്തിൽ മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ പൊതുജനങ്ങൾക്ക് അവശ്യം വേണ്ട മരുന്നുകൾ ലഭ്യമാക്കാൻ കഴിയണമെന്നും ഡയബറ്റിസ്, ബ്ലഡ് പ്രഷർ തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ തീരുന്നമുറയ്ക്ക് സ്റ്റോക്ക് ചെയ്യുന്നതോടൊപ്പം കാലാവധി കഴിഞ്ഞ മരുന്നുകളുടെ കണക്ക് സൂക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ മാതൃകയാക്കി പ്രവർത്തനം ഏകോപിപ്പിക്കണമെന്നും ഇതിനായി എല്ലാ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലെയും ജീവനക്കാരുടെ യോഗം വിളിച്ചു ചേർത്ത് മികച്ച പ്രവർത്തന രീതികൾ അവലോകനം ചെയ്ത് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകളെ അടിസ്ഥാനമാക്കി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി ലക്ഷ്യം നേടുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. അവശ്യമരുന്നുകളുടെ പൊതുവിപണിയിലെ വിലയും സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലെ വിലയും താരതമ്യപ്പെടുത്തിക്കൊണ്ട് എല്ലാ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾക്ക് മുന്നിലും ജനശ്രദ്ധ ആകർഷിക്കുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. വിൽപ്പന കുറവുള്ള സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ പ്രത്യേകിച്ചും വേഗത്തിൽ വിറ്റഴിക്കുന്നതും പ്രാദേശികമായി ആവശ്യമുള്ളതുമായ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി റീജിയണൽ മാനേജരുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻസ്പെക്ഷൻ ടീം സമയബന്ധിതമായി പരിശോധന നടത്തുന്ന നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. പെട്ടെന്ന് വിറ്റുതീരുന്നതും ആവശ്യക്കാർ ഏറെയുള്ളതുമായ മരുന്നുകൾ സ്റ്റോക്കില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത വിവരം സോഫ്റ്റ്‌വെയറിൽ റിപ്പോർട്ട് ചെയ്യുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. സപ്ലൈകോയുടെ 95 മെഡിക്കൽ സ്റ്റോറുകളിൽ നിന്നുള്ള ആകെ വിറ്റുവരവായ 6.32 കോടി രൂപ വളരെ ചെറിയ ശതമാനമാണെന്നും പട്ടണങ്ങളിലെ നിരവധി സ്വകാര്യ മെഡിക്കൽ സ്റ്റോറുകൾ പ്രതിദിനം ഒരു ലക്ഷം രൂപയ്ക്കുമേൽ വിപണനം നടത്തുന്നതുമായി താരതമ്യം ചെയ്താൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ വിറ്റുവരവ് വളരെ കുറവാണെന്നും മനസ്സിലാക്കിയ സമിതി ശാസ്ത്രീയമായ രീതിയിൽ മാർക്കറ്റ് സ്റ്റഡി നടത്തി അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തി വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

12. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി സഹകരിച്ച് കാരുണ്യ വഴി മരുന്ന് വിതരണം ചെയ്യുന്ന മരുന്ന് കമ്പനികളുടെ ലിസ്റ്റ് ലഭ്യമാക്കി മരുന്നുകൾ സംഭരിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ബി.പി.എൽ. വിഭാഗങ്ങൾക്ക് നൽകുന്ന മരുന്നുകളിൽ പുറമേ നിന്നും വാങ്ങുന്ന എം.ആർ.പി.യിൽ 25 ശതമാനം വരെ വിലക്കുറവ് ലഭിക്കുന്നു എന്ന വിവരം കാണിച്ച് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ബി.പി.എൽ. ഇതര വിഭാഗങ്ങൾക്കും ലഭിക്കുന്ന വില വ്യത്യാസം പ്രധാനപ്പെട്ടതും ഏറ്റവും കൂടുതൽ വിറ്റഴിയുന്നതുമായ മരുന്നുകളുടെ കാര്യത്തിലെങ്കിലും പ്രദർശിപ്പിക്കുവാൻ ശ്രമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ ലഭ്യമല്ലായെങ്കിൽ ഉപഭോക്താക്കൾക്ക് അക്കാര്യം വിളിച്ചറിയിക്കുവാൻ ജില്ലാ തലത്തിൽ ഒരു ഹെൽപ്പ് ലൈൻ നമ്പർ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഇത്തരത്തിൽ ഏർപ്പെടുത്തുന്ന ജില്ലാ/മേഖല തല ഫോൺ നമ്പരുകൾ എല്ലാ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലും പ്രാധാന്യത്തോടെ പ്രദർശിപ്പിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ ഉപഭോക്താക്കൾ വാങ്ങുവാൻ ആഗ്രഹിക്കുന്ന മരുന്നുകൾ ലഭ്യമല്ല എങ്കിൽ ടി വിവരം അപ്പപ്പോൾ ഓൺലൈൻ സംവിധാനത്തിലൂടെ മേഖല/ഹെഡ് ഓഫീസിൽ അറിയിക്കുവാനുള്ള സംവിധാനം ഓരോ സ്റ്റോറുകളിലും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കേണ്ടതാണ്. ഇത്തരമൊരു സംവിധാനം ഒരുക്കുന്നതിലൂടെ ഏതെല്ലാം മരുന്നുകൾ എന്ത് അളവിൽ ഓരോ സ്റ്റോറിലും ആവശ്യമായി വരുന്നു എന്ന കൃത്യമായ കണക്ക് സപ്ലൈകോ അധികൃതർക്ക് പ്രതിദിനം സംസ്ഥാനതലത്തിൽ ലഭിക്കുന്നതാണ്. ആയതിനാൽ ഇത്തരത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ അവയുടെ പ്രവർത്തനം, മരുന്നുകളുടെ വിലയിൽ ജനങ്ങൾക്ക് ലഭ്യമാകുന്ന കിഴിവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലോക്കൽ ടെലിവിഷൻ ചാനലുകളിലൂടെ നിശ്ചിത ഇടവേളകളിൽ പരസ്യം നൽകുന്നത് പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. മിനിമം വിറ്റുവരവ് ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ പതിനൊന്ന് മെഡിക്കൽ സ്റ്റോറുകൾ അടച്ചുപൂട്ടേണ്ടതായി വന്നു എന്ന് സമിതി മനസ്സിലാക്കുന്നു. സപ്ലൈകോ നേരിട്ട് നടത്തുമ്പോൾ സ്ഥാപനത്തിന്റെ ചെലവ്, ആവർത്തന നടത്തിപ്പിന്റെ ചെലവ് എന്നിവ വരുന്നത് ലാഭവിഹിതം കുറയുവാൻ കാരണമാകുന്നുണ്ട്. സപ്ലൈകോ നേരിട്ട് നടത്തുന്ന സ്റ്റോറുകളിലെ വിലയിൽ മരുന്ന് ഉപഭോക്താക്കൾക്ക് നൽകുകയും എന്നാൽ നേരിയ മാർജിൻ കടയുടമസ്ഥ് നൽകിയുമുള്ള വ്യവസ്ഥയിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ ഫ്രാഞ്ചൈസി നൽകിയാൽ സംസ്ഥാനത്തെ എല്ലാ കോണുകളിലും സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ഏറ്റെടുത്തു നടത്തുവാൻ വ്യക്തികളും സംഘടനകളും മുന്നോട്ട് വരുവാൻ സാദ്ധ്യതയുള്ളതാണ്. നിലവിലുള്ള നിയമമനുസരിച്ച് ഇത് സാധ്യമല്ലായെങ്കിൽ ആവശ്യമായ നിയമ ഭേദഗതികൾ വരുത്തുന്ന കാര്യം പരിഗണിക്കേണ്ടതാണ്. സപ്ലൈകോ ഫ്രാഞ്ചൈസി മെഡിക്കൽ സ്റ്റോറുകൾ സാദ്ധ്യമായാൽ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും നൂറു കണക്കിന് സ്ഥാപനങ്ങൾ പ്രവർത്തിക്കുമെന്നും അത്തരത്തിലുള്ള നടപടിയിലൂടെ വിപ്ലവകരമായ മാറ്റങ്ങൾ മരുന്ന് വിൽപ്പന മേഖലയിൽ സംജാതമാകുമെന്നും സമിതി വിലയിരുത്തുന്നു. ആരംഭഘട്ടത്തിൽ വേണ്ടതായ പ്രാരംഭ മുതൽമുടക്ക്, ആവർത്തനത്തിനുവരുന്ന ചെലവുകൾ എന്നിവ പൂർണ്ണമായും സപ്ലൈകോയ്ക്ക് ഒഴിവാകുമെന്നതിനാലും പൊതുജനങ്ങൾക്ക് മരുന്നുകൾ ന്യായവിലയിൽ കൈയ്യുകലത്ത് ലഭിക്കുമെന്നതിനാലും ഇക്കാര്യം സംബന്ധിച്ച് വേണ്ടതായ പഠനം നടത്തി അടിയന്തര നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

കടകംപള്ളി സുരേന്ദ്രൻ,<br>
*ചെയർമാൻ,*<br>
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,<br>
2021 ജനുവരി 20.

<u>അനുബന്ധം</u>

| | | 2019-20 | FY 19-20 | |
|---|---|---|---|---|
| SL.NO | SL.NO | 2019 | G.TOTAL | No.of pharmacists working |
| | | TVM RGN | | |
| 1 | 1 | Pazhavangadi | 8419920 | 3 |
| 2 | 2 | Ulloor | 7430344 | 3 |
| 3 | 3 | Sreekaryam | 3377579 | 2 |
| 4 | 4 | Pothencode | 2961922 | 2 |
| 5 | 5 | Kaniyapuram | 7904409 | 3 |
| 6 | 6 | Pappanamkode | 6257623 | 2 |
| 7 | 7 | Thiruvallam | 3228242 | 2 |
| 8 | 8 | Neyyattinkara1 | 34307928 | 5 |
| 9 | 9 | Parassala | 11059962 | 3 |
| 10 | 10 | Malayinkeezh | 5741359 | 2 |
| 11 | 11 | Balaramapuram | 3354465 | 2 |
| 12 | 12 | Kanjiramkulam | 3891805 | 2 |
| 13 | 13 | Kanyakulangara | 4242356 | 2 |
| 14 | 14 | Aryanad | 4297799 | 3 |
| 15 | 15 | Kallara | 4136213 | 2 |
| 16 | 16 | Attingal | 4473623 | 3 |
| 17 | 17 | Kallambalam | 4007049 | 3 |
| 18 | 18 | Varkala | 8673786 | 3 |
| 19 | 19 | Karette | 4719738 | 2 |
| 20 | 20 | Chirayinkil | 4483032 | 3 |
| | | KOLLAM Dist: | | |
| 21 | 21 | Kachery Junction | 8420490 | 3 |
| 22 | 22 | kundara | 7819242 | 3 |
| 23 | 23 | Chathannoor | 8674940 | 3 |
| 24 | 24 | Paravoor | 3408984 | 2 |
| 25 | 25 | Anchalumoodu | 6573952 | 3 |
| 26 | 26 | Karunagappally | 18552438 | 7 |
| 27 | 27 | Sasthamcotta | 3549402 | 2 |
| 28 | 28 | Kottarakkara | 15345502 | 3 |
| 29 | 29 | Oyoor | 7857997 | 3 |
| 30 | 30 | Paripally(2/201/7 | 3521005 | 2 |
| | | Total | 220693106 | 83 |
| | KTM DT | Kottayam Region | | |
| 31 | 1 | Pala | 11218302 | 3 |
| 32 | 2 | Kottayam | 5089388 | 3 |
| 33 | 3 | Vaikom | 7340127 | 1 |
| 34 | 4 | Ettumanoor | 4258326 | 2 |
| 35 | 5 | Kanjirappally | 9012746 | 3 |
| 36 | 6 | Ayarkunnam | 2150709 | 1 |
| 37 | 7 | Changanachery | 3757090 | 1 |
| 38 | 8 | Njaliyakkuzhy | 3518881 | 1 |
| | | PATHANAMTHITTA DIST; | | |
| 39 | 9 | Pathanamthitta | 8795556 | 3 |
| 40 | 10 | Kozhenchery | 6499998 | 2 |
| 41 | 11 | Konni | 6441172 | 2 |
| 42 | 12 | Adoor | 20560162 | 6 |
| 43 | 13 | Enathu | 4821405 | 2 |
| 44 | 14 | Pandalam | 2973765 | 2 |
| 45 | 15 | Thiruvalla | 4722503 | 2 |
| 46 | 16 | Mallappally | 1701518 | 1 |
| | | IDUKKI DIST; | | |
| | | | | |

| | | | | |
|---|---|---|---|---|
| 47 | 17 | Adimali | 9118719 | 2 |
| 48 | 18 | Nedumkandom | 2380676 | 2 |
| | | Total | 116146647 | 40 |
| | | ErnakulamRgn | | |
| 49 | 1 | Pallimukku (reopened on 2 | 1753748 | 2 |
| 50 | 2 | Panampilly Nagar | 2835606 | 1 |
| 51 | 3 | Thrippunithura | 7184988 | 2 |
| 52 | 4 | Mulamthuruthy | 9747829 | 2 |
| 53 | 5 | Perumbavoor | 9170025 | 2 |
| 54 | 6 | Kolencherry | 5927079 | 2 |
| 55 | 7 | North Paravur | 8757431 | 3 |
| 56 | 8 | Angamali | 5434757 | 2 |
| 57 | 9 | Choondy _ (Inaugurated o | 4753735 | 2 |
| 58 | 10 | Pampakkuda _ (Inaugurate | 2315773 | 1 |
| 59 | 11 | Thiruvanlyoor_ | 4446723 | 2 |
| 60 | 12 | Kalloorkkadu_(Inaugurate | 5924580 | 1 |
| 61 | 13 | Kakkanad_(Inaugurated o | 2449182 | 1 |
| 62 | 14 | Kuzhuppilly_(Inaugurated | 3131639 | 2 |
| 63 | 15 | Vyttila Mob: Hub_ (Inaugu | 2436735 | 2 |
| 64 | 16 | Aluva Bank Jn | 16788575 | 2 |
| 65 | 17 | Aluva (T.H.Q) | 18927446 | 4 |
| 66 | 18 | Piravom | 4478999 | 1 |
| 67 | 19 | Koothattukulam | 1642066 | 1 |
| 68 | 20 | Zilla Court | 5267560 | 3 |
| 69 | 21 | Edathva | 5210927 | 2 |
| 70 | 22 | Harippad | 10788184 | 3 |
| 71 | 23 | Kayamkulam | 12940469 | 6 |
| 72 | 24 | Muthukulam | 0709140 | 3 |
| 73 | 25 | Mavelikkara | 12300701 | 3 |
| 74 | 26 | Charummood | 4989176 | 2 |
| 75 | 27 | Chengannur | 4214737 | 2 |
| 76 | 28 | Mannar | 1652021 | 2 |
| 77 | 29 | Cherthala | 10209384 | 4 |
| 78 | 30 | Eramalloor | 3025713 | 2 |
| 79 | 31 | Poochakkal | 1847567 | 1 |
| | | Total | 190070994 | 68 |
| | | PKG RGN | | |
| | | pkd dt | | |
| 80 | 1 | Palakkad | 10744107 | 2 |
| 81 | 2 | Otavakkode | 8944546 | 3 |
| 82 | 3 | Agali | 3448816 | 1 |
| 83 | 4 | Ottappalam | 8871380 | 2 |
| | | Thrissur District | | |
| 84 | 5 | Kodungallur | 4587883 | 2 |
| 85 | 6 | Wadakkanchery | 12549414 | 1 |
| 86 | 7 | Mathilakam (inaugurated on | 6433594 | 2 |
| | | Malappuram District | | |
| 87 | 8 | Manjeri | 6863544 | 3 |
| 88 | 9 | Thirur | 6782152 | 3 |
| | | Total | 66290864 | 19 |
| | | KKD REGION | | |
| 89 | 1 | Kunnamangalam | 3133274 | 2 |
| 90 | 2 | Mukkam | 2682664 | 2 |
| 91 | 3 | koyilandi | 4290151 | 2 |
| 92 | 4 | Kasargode | 5450716 | 3 |
| 93 | 5 | Nadapuram | 0282368 | 2 |
| | | KANNUR DIST: | | |
| 94 | 6 | Thalassery | 12458580 | 3 |

| | | | | |
|---|---|---|---|---|
| 95 | 7 | Iritty | 6161374 | 2 |
| | | | | |
| | | Total | 39208914 | 16 |
| | | Grand Total | 632410545 | 224 |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.